# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 587

09-02-2016-ൽ മറുപടിക്ക്

## എമർജിംഗ് കേരള നിക്ഷേപ സംഗമം

**ചോദ്യം**

ശ്രീ. സണ്ണി ജോസഫ്
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. ജോസഫ് വാഴയ്ക്കൻ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

(എ) എമർജിംഗ് കേരള നിക്ഷേപ സംഗമം വഴിയുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ;

(ബി) ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ?

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

(എ) (ബി) & (സി) സംസ്ഥാനത്ത് വിവിധ മേഖലകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും, സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ അന്തർദേശിയ തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് 2012 സെപ്റ്റംബർ 12 മുതൽ 14 വരെ എമർജിങ്ങ് കേരള സംഗമം സർക്കാർ കെ.എസ്.ഐ.ഡി.സി മുഖേന നടത്തിയത്.

എമർജിങ്ങ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്.

ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോ ഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്, ഇതിൽ വ്യവസായ വകു പ്പിന്റെ കീഴിലുള്ള 14 പദ്ധതികൾ കെ.എസ്.ഐ.ഡി.സി. യുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് നടപ്പാക്കുന്നത്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചു വരുന്നു.

എമർജിങ്ങ് കേരളയിൽ അവതരിപ്പിച്ചതും ഭാവിയിൽ ലഭ്യമാകുന്നതുമായ പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും നയപരമായി തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും, കേരളത്തെ ഒരു നിക്ഷേപ സൗഹൃദ

സംസ്ഥാനമെന്ന നിലയ്ക്ക് തുടർന്നും അവതരിപ്പിക്കുന്നതിനുമായി മുഖ്യമന്ത്രി ചെയർമാനായും ബന്ധപ്പെട്ട മന്ത്രിമാരും പ്രഗൽഭരായ വ്യവസായ സംരംഭകരും ഉൾപ്പെട്ട ഒരു ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

ഇതു കൂടാതെ, പ്രോജക്ടുകളെ കുറിച്ച് വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കി ക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും, വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീന റായും, കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യു പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമവകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങ ളായുള്ള ഇൻവെസ്റ്റ്മെന്റ് ക്ലീയറൻസ് ബോർഡും രൂപീകരിച്ചു.

എമർജിംഗ് കേരളയിൽ ലഭിച്ച ആശയങ്ങ ളേയും, പദ്ധതികളേയും കുറിച്ച് വിശദ മായി ചർച്ച ചെയ്യുന്നതിനായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിലെ മുൻ സെക്രട്ടറിയായ ശ്രീ.മാധവൻ നമ്പ്യാർ ചെയർമാനായി ഇൻവെസ്റ്റ് പ്രമോഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ